## മോദി ഭരണഘടനാ സ്ഥാപനങ്ങളെ തകർക്കുന്നു: പ്രിയങ്ക



വാരാണസി: പ്രധാനമന്ത്രി നരേന്ദ്ര മോദി ഭരണഘടനാ സ്ഥാപനങ്ങളെ തകർക്കുകയാണെന്ന് എ.ഐ.സി.സി ജനറൽ സെക്രട്ടറി പ്രിയങ്ക ഗാന്ധി പറഞ്ഞു. രാജ്യത്ത് മാദ്ധ്യമസ്വാതന്ത്ര്യം പോലും അപകടത്തിലാണെന്ന് ഗംഗായാത്രയുടെ മൂന്നാം ദിനത്തിന്റെ തുടക്കത്തിൽ പ്രിയങ്ക കുറ്റപ്പെടുത്തി. ജനങ്ങളെ ഭയപ്പെടുത്തി ഭരിക്കാനുള്ള നീക്കത്തെ ചെറുത്തു തോൽപ്പിക്കുമെന്നും ജനങ്ങൾ വിഡ്ഢികളാണെന്ന മോദിയുടെ ചിന്ത മാറ്റേണ്ട സമയം കഴിഞ്ഞെന്നും പ്രിയങ്ക ഗാന്ധി പറഞ്ഞു.





## ഗോവയിൽ വിശ്വാസം നേടി സാവന്ത് സർക്കാർ

പനാജി: ഗോവയിൽ അധികാരത്തിലേറിയ പ്രമോദ് സാവന്തിന്റെ നേതൃത്വത്തിലുള്ള ബി.ജെ.പി സർക്കാർ സഭയിൽ വിശ്വാസ വോട്ട് നേടി. 36 അംഗ സഭയിൽ 20 പേരുടെ പിന്തുണയോടെയാണ് സാവന്ത് സർക്കാർ വിശ്വാസം തെളിയിച്ചത്.


മനോഹർ പരീക്കറുടെ നിര്യാണത്തെ തുടർന്ന് ചൊവ്വാഴ്ച പുലർച്ചെയാണ് നിയമസഭാസ്പീക്കറായിരുന്ന പ്രമോദ് സാവന്തും 12 മന്ത്രിമാരും സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റത്. വിശ്വാസ വോട്ടെടുപ്പിന് ഡെപ്യൂട്ടി സ്പീക്കർ മൈക്കൽ ലോബോ അദ്ധ്യക്ഷത വഹിച്ചു.

ഗോവ ഫോർവേഡ് പാർട്ടിയുടെയും മാഹാരാഷ്ട്രവാദി ഗോമന്തക് പാർട്ടിയുടെയും നേതാക്കൾക്ക് ഉപമുഖ്യമന്ത്രി പദം നൽകിയാണ് നാടകീയ നീക്കങ്ങൾക്കൊടുവിൽ ബി.ജെ.പി ഗോവയിൽ സർക്കാരിനെ നിലനിറുത്തിയത്.

സഭയിൽ 12 എം.എൽ.എമാരാണ് ബി.ജെ.പിക്കുള്ളത്. ഗോവ ഫോർവർഡ് പാർട്ടിക്കും എം.ജി.പിക്കും മൂന്ന് അംഗങ്ങൾ വീതമുണ്ട്. രണ്ട് സ്വതന്ത്രരും ബി.ജെ.പിയെ പിന്തുണച്ചു.

14 അംഗങ്ങളുള്ള കോൺഗ്രസാണ് ഏറ്റവും വലിയ ഒറ്റക്കക്ഷി.

# ഏഴു വർഷം നീണ്ട കള്ളത്തരങ്ങൾ



- പുത്തൻ ആഭരണ ഡിസൈനിനായി കൂടുതൽ രത്നങ്ങൾ ഇറക്കുമതി ചെയ്യാനായി വിദേശ ബാങ്കിൽ നിന്ന് വായ്പയെടുക്കാൻ ജാമ്യപത്രം (എൽ.ഒ.യു) ആവശ്യപ്പെട്ട് പഞ്ചാബ് നാഷണൽ ബാങ്കിനെ സമീപിച്ചു.
- വിദേശത്തെ ഒരു ബാങ്ക് ശാഖയിൽ നിന്ന് ഹ്രസ്വകാല വായ്പയെടുക്കാനായി ഒരു ഇന്ത്യൻ ബാങ്ക് നൽകുന്ന ജാമ്യപത്രമാണ് എൽ.ഒ.യു (ലെറ്റർ ഒഫ് അണ്ടർടേക്കിങ്)
- സാധാരണയായി വായ്പയ്ക്ക് നിർദ്ദേശിക്കുന്ന പരിധി നിശ്ചയിച്ചില്ല
- വായ്പയുടെ വിവരങ്ങൾ കോർ ബാങ്കിങ് സിസ്റ്റത്തിൽ രേഖപ്പെടുത്തിയതുമില്ല
- അനധികൃതമായി ജാമ്യപത്രം അനുവദിച്ചതു സംബന്ധിച്ച് ബാങ്കിന്റെ മുംബയ് ശാഖയിൽ നിന്ന് വിദേശ ബ്രാഞ്ചുകൾക്ക് വിവരം ലഭിക്കുന്നു
- ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥരറിയാതെയാണ് നീരവിന് അധികാരപത്രം നൽകിയത്
- നീരവ് മോദിയുടെ സാമ്പത്തികബാദ്ധ്യതകൾ അന്വേഷിക്കാതെ പി.എൻ.ബി നൽകിയ അധികാര പത്രത്തിന്റെ മാത്രം ജാമ്യത്തിൽ വിദേശബാങ്കുകൾ കടം നൽകുന്നത് തുടർന്നു
- സാധാരണഗതിയിൽ നീരവ് നിശ്ചിതസമയത്ത് വിദേശബാങ്കിൽ പണം അടച്ചില്ലെങ്കിൽ ഇന്ത്യയിലെ ബാങ്ക് ആ ബാദ്ധ്യത തീർത്ത് നീരവിൽ നിന്ന് പണം ഈടാക്കണം. പണം നീരവ് തിരിച്ചടച്ചില്ലെന്ന് മാത്രമല്ല, ജാമ്യപത്രം അനുവദിക്കുന്നത് തുടർന്നു
- ഏഴ് വർഷം കൊണ്ട് 151 ധാരണാപത്രങ്ങൾ ഉപയോഗിച്ച് 13,000 കോടിയിലധികം രൂപയാണ് നീരവ് വെട്ടിച്ചത്



റോസി ഹണ്ടിങ്ടണിനൊപ്പം നീരവ് മോദി

## നീരവ്- സെലിബ്രിറ്റികളുടെ ചങ്ക്!

ലണ്ടൻ: തട്ടിപ്പും വെട്ടിപ്പും കൈയിലുള്ള വെറുമൊരു രത്നവ്യാപാരി മാത്രമല്ല നീരവ് മോദി. ഗുജറാത്തിലെ പേരുകേട്ട രത്ന വ്യാപാരികളുടെ പരമ്പരയിലാണ് ജനനം. ബെൽജിയത്തിലെ ആന്റ്‌വെപ് കേന്ദ്രമാക്കി സ്വന്തം കുടുംബത്തിന്റെ രത്ന വ്യാപാരത്തിൽ നിന്നാണ് ബിസിനസിന്റെ തുടക്കമെങ്കിലും 20 വർഷങ്ങൾക്കു മുമ്പ് ഫയർസ്റ്റാർ ഡയമണ്ട് എന്ന പേരിൽ നീരവ് സ്വതന്ത്രമായി വ്യാപാരം തുടങ്ങി. ഒടുവിൽ ഇന്ത്യയിലെ 84-ാമത് വലിയ കോടീശ്വരന്റെ പട്ടികയിലും ഇടംപിടിച്ചു. വൈകാതെ സെലിബ്രിറ്റികൾ അണിയാൻ കൊതിക്കുന്ന ഡയമണ്ട് വ്യാപാരിയെന്ന പേരും നീരവ് സ്വന്തമാക്കി.

ബോളിവുഡിൽ മാത്രമല്ല, അങ്ങ് ഹോളിവുഡിലുമുണ്ട് നീരവിന് ആരാധകർ. അപൂർവയിനം രത്ന ശേഖരങ്ങളിൽ മനംമയക്കുന്ന ആഭരണ വിസ്മയം തീർത്ത് നീരവ് മോദി തന്റെ തട്ടകത്തിൽ ശ്രദ്ധിക്കപ്പെടുന്നത് 2010ലാണ്. കോടീശ്വരൻമാർക്കും സിനിമാ താരങ്ങൾക്കുമിടയിൽ നീരവ് മോദി രത്നങ്ങൾ പോപ്പുലറായി. ലോകസുന്ദരി പ്രിയങ്ക ചോപ്ര ബ്രാൻഡ് അംബാസഡറായതോടെ ബോളിവുഡിലും നീരവ് താരമായി. വൈകാതെ ഹോളിവുഡ് സുന്ദരി കേറ്റ് വിൻസ്‌ലെറ്റും റോസി ഹണ്ടിങ്ടണുമടക്കം നീരവ് രത്നങ്ങളുടെ ആരാധകരായി മാറി. റെഡ് കാർപ്പെറ്റിൽ കേറ്റും റോസിയുമണിഞ്ഞ നീരവ് ഡയമണ്ട്സിന്റെ കമ്മലും നെക്‌ലെസും ഫാഷൻ ലോകത്ത് വലിയ ചർച്ചയായിരുന്നു.

നീരവിന്റെ വജ്രശേഖരത്തിലെ ജനപ്രിയ ഡിസൈനായ ഗോൽഗൊണ്ട ഡയമണ്ടിന്റെ വ്യത്യസ്തമായ ഡിസൈൻ 26 കോടി രൂപയ്ക്കാണ് ഹോങ്കോങിൽ ലേലത്തിൽ വിറ്റത്.

## 200 കോടിയുടെ മറ്റൊരു വെട്ടിപ്പിലും പി.എൻ.ബി

ന്യൂഡൽഹി: നീരവ് മോദി ഭീകരമായി കബളിപ്പിച്ച പഞ്ചാബ് നാഷണൽ ബാങ്ക്, സമീപകാലത്ത് മറ്റൊരു വെട്ടിപ്പിനും ഇരയായി. ഹൻജെർ ബയോടെക് എനർജീസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി ബാങ്കിന്റെ 200 കോടിയാണ് അടിച്ചുമാറ്റിയത്. ഈ തുക ഇപ്പോൾ എഴുതിത്തള്ളിയിരിക്കുകയാണ്. കമ്പനിയുടെ അക്കൗണ്ട് നിഷ്ക്രിയ ആസ്തി വിഭാഗത്തിലാക്കി.

വാർഷിക ആഡിറ്റിംഗിലാണ് ഈ വെട്ടിപ്പ് കണ്ടെത്തിയത്. തുടർന്ന് ബാങ്ക് അധികൃതർ സി.ബി.ഐയെ സമീപിച്ചു. ഖര മാലിന്യങ്ങൾ സംസ്കരിക്കുന്നതുമായി ബന്ധപ്പെട്ട് മുംബയിൽ പ്രവർത്തിക്കുന്ന കമ്പനിയാണിത്. കമ്പനിക്ക് നൽകിയ വായ്പയിൽ 125.40 കോടി ലണ്ടനിലെ ബ്രാഞ്ച് വഴിയാണ് നൽകിയത്. ഇതിലാണ് ഏറ്റവും വലിയ വെട്ടിപ്പ് നടന്നത്.

പഞ്ചാബ് നാഷണൽ ബാങ്കിലെ ചില ഉയർന്ന ഉദ്യോഗസ്ഥർക്കും ഇതിൽ പങ്കുള്ളതായി സി.ബി.ഐ സംശയിക്കുന്നു. കമ്പനിയുടെ നിലവിലുള്ള വായ്പാ കുടിശിക തീർക്കുന്നതിന് മുമ്പ് പുതിയ ലോൺ നൽകിയതിലാണ് ഉദ്യോഗസ്ഥർ പങ്ക് വഹിച്ചത്. ഇമ്രാൻ ഫർണിച്ചർവാല എന്ന വ്യക്തിയും മക്കളും സഹോദരങ്ങളുമാണ് കമ്പനിയുടെ ഉടമകൾ. ഇവർ നിരവധി കടലാസ് കമ്പനികൾ സൃഷ്ടിച്ച് അവരിൽനിന്നും യന്ത്രസാമഗ്രികൾ വാങ്ങിച്ചതായി കാണിച്ചാണ് ബാങ്കിൽനിന്ന് വായ്പ സംഘടിപ്പിച്ചത്.

യന്ത്രസാമഗ്രികൾക്കുള്ള തുക എന്ന പേരിൽ ബാങ്ക് കടലാസ് കമ്പനികൾക്ക് നൽകിയ തുക പിന്നീട് പ്രധാന കമ്പനിയിൽ വന്നുചേർന്നതായാണ് അന്വേഷണത്തിൽ തെളിഞ്ഞത്. ഹൻജെർ പ്രൊമോട്ടേഴ്സിന്റെ ഇടപാടുകൾ സുതാര്യമല്ലെന്നും സൂക്ഷ്മമായ പരിശോധന വേണമെന്നും റിസർവ് ബാങ്ക് പി.എൻ.ബിക്ക് കഴിഞ്ഞ ഡിസംബറിൽ മുന്നറിയിപ്പ് നൽകിയിരുന്നു.

## 20 സെഞ്ച്വറി ഫോക്സ് ഇനി ഡിസ്നിക്ക് സ്വന്തം

ന്യൂയോർക്ക്: അമേരിക്കൻ ഫിലിം സ്റ്റുഡിയോയായ 20 സെഞ്ച്വറി ഫോക്സിനെ ലോകത്തിലെ വമ്പൻ നിർമ്മാതാക്കളായ വാൾട്ട് ഡിസ്നി ഏറ്റെടുത്തു. 71.3 billion ഡോളറിനാണ് ഫോക്സിനെ ഡിസ്നി സ്വന്തമാക്കിയത്. 20 സെഞ്ച്വറി ഫോക്സിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന എല്ലാ സ്റ്റുഡിയോ വിഭാഗവും ഫോക്സ് ടെലിവിഷൻ ഗ്രൂപ്പും അമേരിക്കൻ വിനോദ കമ്പനിയായ ഹുലുവിന്റെ 30 ശതമാനം ഓഹരിയും ഡിസ്നി ഏറ്റെടുത്തിട്ടുണ്ട്. ഏറെ നാളായി 20 സെഞ്ച്വറി ഫോക്സിനെ സ്വന്തമാക്കാൻ ഡിസ്നി ശ്രമം നടത്തുന്നുണ്ട്.

## കാശ്മീരിൽ കോൺ - നാഷണൽ കോൺഫറൻസ് സഖ്യം

ശ്രീനഗർ: ലോക്‌സഭാ തിരഞ്ഞെടുപ്പിൽ ജമ്മുകാശ്മീരിൽ കോൺഗ്രസ് നാഷണൽ കോൺഫറൻസുമായി സഖ്യമായി മത്സരിക്കും. അഞ്ച് ഘട്ടങ്ങളിലായി ഏപ്രിൽ 11, 18, 23, 29, മേയ് ആറ് തീയതികളിൽ ആറ് ഘട്ടങ്ങളിലായാണ് ജമ്മു കാശ്മീരിൽ ലോക്‌സഭ തിരഞ്ഞെടുപ്പ് നടക്കുന്നത്. ഏറെ അനിശ്ചിതത്വങ്ങൾക്കൊടുവിലാണ് ഇരു പാർട്ടികളും സഖ്യമുറപ്പിച്ചത്.

സംസ്ഥാനത്ത് ആകെ ആറ് ലോക്‌സഭ സീറ്റുകളാണുള്ളത്. ഇതിൽ അനന്ത്നാഗ് കോൺഗ്രസ് ആവശ്യപ്പെട്ടിരുന്നു. നാഷണൽ കോൺഫറൻസ് അദ്ധ്യക്ഷൻ ഫാറൂഖ് അബ്ദുള്ളയാണ് സഖ്യം പ്രഖ്യാപിച്ചത്. ജമ്മുവിലും ഉധംപൂരിലും കോൺഗ്രസ് മത്സരിക്കുമെന്നും ശ്രീനഗറിൽ താനായിരിക്കും സ്ഥാനാർത്ഥി എന്നും ഫാറൂഖ് അബ്ദുള്ള അറിയിച്ചു. അതേസമയം അനന്ത്നാഗ്, ബാരാമുള്ള സീറ്റുകളിൽ ഇരു പാർട്ടികളും 'സൗഹൃദ മത്സരം' നടത്തുമെന്നും ഫാറൂഖ് അബ്ദുള്ള പറഞ്ഞു.

### സംഝോത സ്ഫോടനം

# അസീമാനന്ദയടക്കം നാല് പ്രതികളെ വെറുതേവിട്ടു

ന്യൂഡൽഹി: സംഝോത എക്സ്പ്രസ് സ്ഫോടന കേസ് പ്രതി അസീമാനന്ദ ഉൾപ്പെടെ നാല് പേരെ പഞ്ച്കുല ഭീകര വിരുദ്ധ കോടതി വെറുതേവിട്ടു. പ്രതികളായ ലോകേഷ് ശർമ്മ, കമൽ ചൗഹാൻ, രജീന്ദർ ചൗധരി എന്നിവരാണ് വെറുതേവിട്ട മറ്റ് പ്രതികൾ. 2007ൽ നടന്ന സ്ഫോടനത്തിൽ ഒരു പതിറ്റാണ്ടിന് ശേഷമാണ് വിധി വരുന്നത്. കുറ്റം തെളിയിക്കാൻ പ്രോസിക്യൂഷന് കഴിഞ്ഞില്ലെന്ന് കോടതി ചൂണ്ടിക്കാട്ടി.

കേസിലെ ദൃക്‌സാക്ഷിയെ വിസ്തരിക്കണമെന്നാവശ്യപ്പെട്ട് പാക് സ്വദേശിനിയായ റാഹില വകീൽ നൽകിയ ഹർജി കോടതി തള്ളി. സ്ഫോടനത്തിൽ കൊല്ലപ്പെട്ട മുഹമ്മദ് വകീലിന്റെ മകളാണ് റാഹില.

2007 ഫെബ്രുവരി 18നാണ് അമൃത്സറിലേക്കു പോയ സംഝോത എക്സ്പ്രസിൽ ഹരിയാനയിലെ പാനിപ്പത്തിനു സമീപത്തു വച്ച് സ്ഫോടനം നടന്നത്. സ്ഫോടനത്തിൽ 68 പേർ കൊല്ലപ്പെട്ടിരുന്നു. കൊല്ലപ്പെട്ടവരിലേറെയും പാകിസ്ഥാൻ പൗരൻമാരായിരുന്നു. ഹരിയാന പൊലീസ് അന്വേഷിച്ച കേസ് 2010ലാണ് ദേശീയ അന്വേഷണ ഏജൻസിക്ക് കൈമാറിയത്. 2011 ജൂണിൽ എൻ.ഐ.എ കുറ്റപത്രം സമർപ്പിച്ചിരുന്നു.



കോടതി വിധിക്കുശേഷം അസീമാനന്ദ

ഗുജറാത്തിലെ അക്ഷർധാം ക്ഷേത്രത്തിലും ജമ്മുവിലെ രഘുനാഥ് ക്ഷേത്രത്തിലുമുണ്ടായ ബോംബ് സ്ഫോടനത്തിന് പ്രതികാരമായി സംഝോത എക്സ്പ്രസിൽ പ്രതികൾ ബോംബ് വച്ചുവെന്നാണ് എൻ.ഐ.എയുടെ കണ്ടെത്തൽ.

മുഖ്യപ്രതികളിൽ ഒരാളായ ആർ.എസ്.എസ് പ്രവർത്തകൻ സുനിൽ ജോഷിയെ പിന്നീട് കൊല്ലപ്പെട്ട നിലയിൽ കണ്ടെത്തി. സന്ദീപ് ഡാൻഗെ, റാംജി എന്ന രാമചന്ദ്ര കലസാൻഗ്ര, അമിത് എന്നീ പ്രതികൾ ഒളിവിലാണ്.



ഡൽഹിയിൽ ഇന്നലെയാരംഭിച്ച ഹോളി ആഘോഷത്തിൽ നിന്ന്

# ചൗകീദാർ മോദിക്ക് ചൗകീദാർ ഹോളി

ന്യൂഡൽഹി: ചൗകീദാർ വാഗ്‌വാദങ്ങൾക്കൊടുവിൽ രാജ്യത്തെ 25 ലക്ഷത്തോളം വരുന്ന വാച്ച്മാൻമാർക്കൊപ്പം ഹോളി ആഘോഷിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി.

ഇന്നലെ വൈകിട്ടാണ് തന്റെ 'മേം ഭീ ചൗകീദാർ' (ഞാനും കാവൽകാരൻ) കാമ്പെയിനിന്റെ ഭാഗമായി 25 ലക്ഷത്തോളം വരുന്ന വാച്ച്മാൻമാരുമായി മോദി ഓഡിയോ കോൺഫറൻസിലൂടെ ഹോളി ആശംസകൾ പങ്കുവച്ചത്.

ഞാനും കാവൽക്കാരനെന്ന ബി.ജെ.പി കാമ്പെയിനിന് പിന്തുണ ആവശ്യപ്പെട്ട് രാജ്യത്തെ 500 സ്ഥലങ്ങളിലെ കാവൽക്കാരുമായി മോദി ഈ മാസം 31ന് വീഡിയോ സംവാദവും നടത്തും.

ഊണുംഉറക്കവുമില്ലാതെ ജോലി ചെയ്യുന്ന കാവൽക്കാരുടെ കഷ്ടപ്പാടുകൾ ജനങ്ങൾക്ക് കാട്ടിക്കൊടുക്കാനാണ് ഇത്തരമൊരു സംവാദം നടത്തുന്നതെന്നും ബി.ജെ.പി വ്യക്തമാക്കി.

കാവൽക്കാരൻ കള്ളനാണെന്ന (ചൗക്കീദാർ ചോർ ഹേ) രാഹുൽ ഗാന്ധിയുടെ പരാമർശത്തോടെ ചൂടുപിടിച്ച ചൗകീദാർ ചർച്ച. ഞാനും കാവൽകാരൻ എന്ന പേരിൽ ബി.ജെ.പി പ്രചാരണായുധമാക്കുകയായിരുന്നു. ട്വിറ്ററിൽ മോദി തന്റെ പേര് ചൗകീദാർ മോദി എന്നാക്കുകയും ചെയ്തിരുന്നു.

## മോദിയുടെ വിദ്യാഭ്യാസയോഗ്യത ചോദ്യംചെയ്ത് രാഹുൽ

ഇംഫാൽ: പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ഡിഗ്രി സർട്ടിഫിക്കറ്റ് കാണാൻ കഴിഞ്ഞിട്ടില്ലെന്നും പ്രധാനമന്ത്രി ഏതെങ്കിലും കോളേജിൽ പോയിട്ടുണ്ടോ ഇല്ലയോ എന്ന് ആർക്കുമറിയില്ലെന്നും കോൺഗ്രസ് അദ്ധ്യക്ഷൻ രാഹുൽഗാന്ധി പറഞ്ഞു. ഇംഫാലിൽ വിദ്യാർത്ഥികളോട് സംവദിക്കവെയാണ് രാഹുലിന്റെ വിമർശനം. തിരഞ്ഞെടുപ്പ് അടുത്തതോടെ ബി.ജെ.പി - കോൺഗ്രസ് വാക് പോര് മുറുകിയതിന് പിന്നാലെയാണിത്.

2017ൽ മുതിർന്ന കോൺഗ്രസ് നേതാവ് ദിഗ് വിജയ് സിംഗ് പ്രധാനമന്ത്രിയുടെ വിദ്യാഭ്യാസ യോഗ്യത സംബന്ധിച്ച ആരോപണം ഉന്നയിച്ചിരുന്നു.

# ഇത് 'ഹാപ്പി ഹാപ്പി' ഫിൻലാൻഡ്

ഹെൽസിങ്കി: ഫിൻലാൻഡ് ഹാപ്പിയാണ്. ലോകത്ത് മറ്റാരെക്കാളും. തുടർച്ചയായി രണ്ടാം വർഷവും ലോകത്തിലെ ഏറ്റവും സന്തോഷമുള്ള രാജ്യമായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുകയാണ് ഫിൻലാൻഡ്.

ഇന്നലെ പുറത്തിറങ്ങിയ വേൾഡ് ഹാപ്പിനെസ് റിപ്പോർട്ടിൽ 156 രാജ്യങ്ങളെയാണ് സന്തോഷത്തിന്റെ അടിസ്ഥാനത്തിൽ പട്ടികപ്പെടുത്തിയിരിക്കുന്നത്. ആയുർദൈർഘ്യം, സാമൂഹ്യ പിന്തുണ, അഴിമതി എന്നീ സൂചികയുടെ അടിസ്ഥാനത്തിലാണ് ലോകത്തിലെ ഏറ്റവും സന്തോഷമുള്ള രാഷ്ട്രത്തെ തിരഞ്ഞെടുത്തിരിക്കുന്നത്. നോർവേ, ഡെൻമാർക്ക്, സ്വീഡൻ, ഐസ്‌ലാൻഡ് എന്നിവരാണ് സന്തോഷത്തിൽ ഫിൻലാൻഡിനു പിന്നിലായുള്ളത്. ബ്രിട്ടന്റെ സ്ഥാനം പതിനഞ്ചാമതാണ്. ലോകത്ത് സന്തോഷത്തിന്റെ കാര്യത്തിൽ ഏറ്റവും പിന്നിലുള്ളത് വടക്കേ ആഫ്രിക്കൻ രാജ്യമായ സൗത്ത് സുഡാനാണ്. നേരത്തേ പട്ടികയിൽ 14-ാമത് ഉണ്ടായിരുന്ന അമേരിക്കയും വർഷം കഴിയും തോറും സന്തോഷത്തിന്റെ കാര്യത്തിൽ പിന്നോട്ടാണെന്ന് ഹാപ്പിനെസ് റിപ്പോർട്ട് വ്യക്തമാക്കുന്നു.